**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1499** **19-06-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ അധ്യാപക തസ്തികകളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി എത്ര അധ്യാപക തസ്തികകളാണ് നിലവിലുള്ളതെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കാമോ; | (എ) | **കാസർഗോഡ് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി നിലവിലുള്ള അദ്ധ്യാപക തസ്തികകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ഇതിൽ ഓരോ വിഭാഗത്തിലും നിലവിൽ എത്ര പേർ വീതം അന്യത്രസേവനം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | **കാസർഗോഡ് ജില്ലയിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ 9 അദ്ധ്യാപകരും വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ 2 അദ്ധ്യാപകരും ഹൈസ്കൂൾ വിഭാഗത്തിൽ 15 അദ്ധ്യാപകരും പ്രൈമറി വിഭാഗത്തിൽ 17 അദ്ധ്യാപകരും അന്യത്രസേവനം ചെയ്യുന്നുണ്ട്.** |
| (സി) | ഓരോ വിഭാഗത്തിലും എത്ര തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (സി) | **കാസർഗോഡ് ജില്ലയിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ 157 ഒഴിവുകളും വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ 78 ഒഴിവുകളും ഹൈസ്കൂൾ വിഭാഗത്തിൽ 256 ഒഴിവുകളും പ്രൈമറി വിഭാഗത്തിൽ 356 ഒഴിവുകളും നിലവിലുണ്ട്.** |
| (ഡി) | ഓരോ വിഭാഗത്തിലും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച് വിശദീകരിക്കാമോ? | (ഡി) | **ഹയർസെക്കണ്ടറി വിഭാഗം:- സംസ്ഥാനതലത്തിൽ നിയമനം നടത്തുന്ന സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ബാച്ച് ഷിഫ്റ്റിംഗ് മുഖേന തസ്തികളിൽ മാറ്റം വരുന്നതിനാൽ, സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായ ശേഷം മാത്രമേ ഒഴിവുകൾ നികത്തുവാൻ കഴിയുകയുള്ളു.**<br><br>**വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം:- നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിൽ 10 ഒഴിവുകളും , നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ തസ്തികയിൽ 25 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.**<br><br>**ഹൈസ്കൂൾ/പ്രൈമറി വിഭാഗം :- ഹൈസ്കൂൾ വിഭാഗത്തിൽ 174 ഒഴിവുകളും പ്രൈമറി വിഭാഗത്തിൽ 314 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | വിഭാഗം | എണ്ണം |
|---|---|---|
| 1 | ഹയർസെക്കണ്ടറി | 949 |
| 2 | വൊക്കേഷണൽ ഹയർസെക്കണ്ടറി | 190 |
| 3 | ഹൈസ്കൂൾ | 1530 |
| 4 | പ്രൈമറി | 2983 |

സെക്ഷൻ ഓഫീസർ